# ക്ലാസ് –4

അധ്യായം

04



# ബ്രിട്ടീഷ് ചൂഷണവും ചെറുത്തുനിൽപ്പുകളും

# ദേശീയതയുടെ വളർച്ച

–ജാതി–മത–വർഗ–പ്രാദേശിക വ്യത്യാസങ്ങൾ ഇല്ലാതെ ഒരു രാജ്യത്തെ ജനങ്ങൾക്കിടയിൽ നിലനിൽക്കുന്ന ഐക്യബോധമാണ് ദേശീയത.

–ബ്രിട്ടീഷുകാർ നടത്തിയ സാമ്പത്തിക ചൂഷണം ഇന്ത്യയിലെ വിവിധ വിഭാഗങ്ങൾക്കിടയിൽ കടുത്ത ബ്രിട്ടീഷ് വിരുദ്ധമനോഭാവം വളർത്തിയതോടെ ഇന്ത്യയിൽ ദേശീയത വളർന്നു വരാൻ തുടങ്ങി.

–ഇതിന്റെ ഫലമായി 1885 ഡിസംബറിൽ ബോംബയിൽ വെച്ച് ഇന്ത്യൻ നാഷണൽ കോൺഗ്രസ്സ് നിലവിൽ വന്നു.

–ഇന്ത്യയുടെ വിവധ ഭാഗങ്ങളിൽ നിന്നുമുള്ള 72 പ്രതിനിധികൾ രൂപീകരണസമ്മേളനത്തിലി പങ്കെടുത്തു.

–ഇതോടെ ദേശീയതക്ക് ഒരു സംഘടിത രൂപം ഉണ്ടായി.

–1885 മുതൽ 1947–ൽ ഇന്ത്യ സ്വാതന്ത്ര്യം നേടുന്നതുവരെ ബ്രിട്ടീഷ് വിരുദ്ധ സമരങ്ങൾക്ക് നേതൃത്വം വഹിച്ചത് ഇന്ത്യൻ നാഷണൽ കോൺഗ്രസ്സാണ്.



ദാദാഭായ് നവറോജി

BIJU KK, HST SS, GHSS TUVVUR, MALAPPURAM 9895695437

# ദാദാഭായ് നവറോജി

-ബ്രിട്ടീഷ് കാലഘട്ടത്തിൽ ഇന്ത്യൻ സമ്പദ്വ്യവസ്ഥയിലുണ്ടായ തകർച്ചയെക്കുറിച്ച് സ്ഥിതിവിവരക്കണക്കുകൾ ശേഖരിച്ച് പഠനം നടത്തിയ വ്യക്തിയാണ് ദാദാഭായ് നവറോജി.

-ഇന്ത്യയിലെ ദാരിദ്ര്യത്തിന്റെയും പട്ടിണിയുടെയും കരണങ്ങളെക്കുറിച്ച് ചോർച്ചാ സിദ്ധാന്തം എന്നറിയപ്പെടുന്ന തന്റെ നിഗമനങ്ങളെ കുറിച്ച് അദ്ദേഹം പോവർട്ടി ആൻറ് അൺ ബ്രിട്ടീഷ് റൂൾ ഇൻ ഇന്ത്യ എന്ന പുസ്തകത്തിൽ പ്രതിപാദിച്ചു.

BIJU KK, HST SS, GHSS TUVVUR, MALAPPURAM. 9895695437

## ചോർച്ചാസിദ്ധാന്തപ്രകാരം ഇന്ത്യൻ സമ്പത്ത് ബ്രിട്ടനിലേക്ക് ചോർന്നത് എങ്ങിനെയെല്ലാമാണെന്നാണ് ദാദാഭായ് നവറോജി കണ്ടെത്തിയത് ?

-ഇന്ത്യയിൽ നിന്നുമുള്ള അസംസ്കൃതവസ്തുക്കളുടെ കയറ്റുമതി.

-ഇന്ത്യയിലെ ബ്രിട്ടീഷ് ഉദ്യോഗസ്ഥർക്ക് നൽകുന്ന ശമ്പളവും പെൻഷനും.

-ഇന്ത്യയിൽ ബ്രിട്ടീഷ് ഉൽപന്നങ്ങൾ വിറ്റഴിക്കുക വഴി അവർക്ക് ലഭിച്ച ലാഭം.

-ഇന്ത്യയിൽ നിന്നും പിരിച്ചെടുക്കുന്ന നികുതി.

BIJU KK, HST SS, GHSS TUVVUR, MALAPPURAM. 9895695437

## ബ്രിട്ടീഷ് ചൂഷണങ്ങളെങ്ങനെ ഇന്ത്യയെ ദരിദ്രമാക്കുന്നു എന്ന് ജനങ്ങൾക്കിടയിൽ തുറന്ന് കാട്ടിയ നേതാക്കൻമാർ?



രമേശ് ചന്ദ്ര ദത്ത്



ഗോപാല കൃഷ്ണ ഗോഖലെ



ദാദാഭായ് നവറോജി

BIJU KK, HST SS
MALAPPURAM

# എന്താണ് സാമ്പത്തിക ദേശീയത?

-തങ്ങൾ അനുഭവിക്കുന്ന ദുരിതങ്ങൾക്കും, ദാരിദ്ര്യത്തിനും കാരണം ബ്രിട്ടീഷുകാരുടെ സാമ്പത്തിക ചൂഷണങ്ങളുടെ ഫലമാണെന്ന തിരിച്ചറിവ് ദേശീയതയുടെ വളർച്ചക്ക് കാരണമായി.

-ഇത്തരത്തിൽ വളർന്നു വന്ന ദേശീയതയെ ചരിത്രകാരന്മാർ സാമ്പത്തിക ദേശീയത എന്ന് വിശേഷിപ്പിക്കുന്നു.

BIJU KK, HST SS, GHSS TUVVUR, MALAPPURAM. 9895695437



## ദേശീയപ്രസ്ഥാനത്തിന്റെ നഴ്സറി

ഇന്ത്യൻ ദേശീയപ്രസ്ഥാനത്തിന്റെ ആദ്യകാല നേതാക്കളിൽ ഭൂരിഭാഗം പേരും ബംഗാളികളായിരുന്നു. അതിനാൽ ബംഗാളിനെ ഇന്ത്യൻ ദേശീയ പ്രസ്ഥാനത്തിന്റെ നഴ്സറി എന്ന് വിശേഷിപ്പിച്ചിരുന്നു. തുടർന്ന് ഇന്ത്യൻ ദേശീയപ്രസ്ഥാനത്തെ ദുർബലപ്പെടുത്താനായി 1905 ൽ കഴ്സൺ പ്രഭു ബംഗാളിനെ വിഭജിച്ചു.

# സ്വദേശി പ്രസ്ഥാനം-സവിശേഷതൾ

-സാമ്പത്തിക ചോർച്ച തടയാൻ ബ്രിട്ടീഷ് ഉൽപ്പന്നങ്ങൾ ബഹിഷ്കരിക്കാനും ഇന്ത്യൻ ഉൽപന്നങ്ങൾ ഉപയോഗിക്കാനും ദേശീയ നേതാക്കന്മാർ ആഹ്വാനം ചെയ്തു.

-1905 ൽ ബ്രിട്ടീഷുകാർ ബംഗാളിനെ വിഭജിച്ചതിനെതിരെ ആരംഭിച്ച സമരത്തിന്റെ പ്രധാന രീതി ബ്രിട്ടീഷ് ഉൽപന്നങ്ങളുടെ ബഹിഷ്കരണവും തദ്ദേശീയ വസ്തുക്കളുടെ ഉപയോഗവുമായിരുന്നു.

-ഈ സമരരീതിയാണ് സ്വദേശിപ്രസ്ഥാനം.

-വിദേശ വസ്തുക്കൾ ശേഖരിച്ചു പരസ്യമായി കത്തിച്ചു.

-നിരവധി തുണി മില്ലുകൾ ,സോപ്പ് ഫാക്ടറികൾ ,തീപ്പെട്ടി കമ്പനികൾ, ദേശീയ ബാങ്കുകൾ, ഇൻഷൂറൻസ് കമ്പനികൾ എന്നിവ ആരംഭിച്ചു.

-ബംഗാളിലെ ബംഗാളി കെമിക്കൽ സ്റ്റോർ, മഹാരാഷ്ട്രയിലെ ടാറ്റാ ഇരുമ്പുരുക്ക് കമ്പനി, തമിഴ്നാട്ടിലെ സ്വദേശി സ്റ്റീം നാവിഗേഷൻ കമ്പനി എന്നിവ ആരംഭിച്ചു.

-ഇന്ത്യയിലേക്കുള്ള ബ്രിട്ടീഷ് ഉൽപന്നങ്ങളുടെ ഇറക്കുമതി കുറഞ്ഞു.

-ഇന്ത്യൻ വ്യവസായങ്ങൾ ശക്തിപ്പെട്ടു.

-സ്ത്രീകൾ, തൊഴിലാളികൾ, വിദ്യാർഥികൾ എന്നിവർ പങ്കാളികളായി.

-വിദേശ വസ്ത്രങ്ങൾ അലക്കുകയില്ലെന്ന് അലക്കുകാരും, വിദേശ വസ്തുക്കൾ ഉപയോഗിച്ച് പൂജ നടത്തില്ലെന്ന് പുരോഹിതന്മാരും പ്രതിജ്ഞയെടുത്തു.


-വിദേശത്തുനിന്നുള്ള വളകളും പാത്രങ്ങളും സ്ത്രീകൾ ബഹിഷ്കരിച്ചു.

-വിദ്യാർത്ഥികൾ സ്കൂളുകൾ ബഹിഷ്കരിച്ചു.

-സ്വദേശി പ്രസ്ഥാനം ഇന്ത്യൻ ദേശീയതയെ കൂടുതൽ ശക്തിപ്പെടുത്തി.

BIJU K.K, HST SS, GHSS TUVVUR, MALAPPURAM. 985695437

# കപ്പലോട്ടിയ തമിഴൻ



തമിഴ്നാട്ടിൽ സ്വദേശിപ്രക്ഷോഭത്തിന് നേതൃത്വം കൊടുത്ത വി.ഒ. ചിദംബരംപിള്ള തൂത്തുക്കുടി ആസ്ഥാനമാക്കി 1906 ൽ സ്വദേശി സ്റ്റീം നാവിഗേഷൻ കമ്പനി ആരംഭിച്ചു. അതിനാൽ അദ്ദേഹത്തെ കപ്പലോട്ടിയ തമിഴൻ എന്നു വിളിക്കുന്നു. പ്രാദേശിക കച്ചവടക്കാരിൽ നിന്നു പിരിച്ചെടുത്ത 6 ലക്ഷം രൂപ മുതൽമുടക്കിയാണ്






ബിപിൻ ചന്ദ്രപാൽ



ലാലാ ലജ്പത് റായ്



ബാലഗംഗാധര തിലക്

# സ്വദേശി പ്രസ്ഥാനം കാലഘട്ടത്തിലെ ദേശീയ നേതാക്കൾ ആരെല്ലാം?

-ബാലഗംഗാധര തിലകൻ, ലാലാ ലജ്പത് റായി, ബിപിൻ ചന്ദ്രപാൽ
-അവർ "ലാൽ - പാൽ - ബാൽ" എന്നറിയപ്പെട്ടു.
-ഇവർ ബ്രിട്ടീഷ് ഭരണം അവസാനിപ്പിക്കേണ്ടതിന്റെ ആവശ്യകത ഊന്നിപ്പറഞ്ഞു.

## ബാലഗംഗാധര തിലകൻ

-"സ്വാതന്ത്ര്യം എന്റെ ജൻമാവകാശമാണ്. ഞാൻ അത് നേടുക തന്നെ ചെയ്യും" എന്ന് തിലകൻ പ്രഖ്യാപിച്ചു.
-ബ്രിട്ടീഷ് ഭരണത്തിൽ അസ്വസ്ഥമായ ഇന്ത്യൻ മനസുകളെ ഏകോപിപ്പിച്ച് ദേശീയ പ്രസ്ഥാനത്തെ ശക്തിപ്പെടുത്തി.
-തിലകനെ ഇന്ത്യൻ അസ്വസ്ഥതയുടെ പിതാവ് എന്നാണ് ബ്രിട്ടീഷ് പത്രപ്രവർത്തകനും ചരിത്രകാരനുമായ വാലന്റയിൻ ഷിറോൾ വിശേഷിപ്പിച്ചത്.

BIJU KK, HST SS, GHSS TUVVUR, MALAPPURAM. 9895695437

# ALL THE BEST

**By**

**BIJU K K, GHSS TUVVUR**
**MALAPPURAM**
**9895695437, 8075512478**

BIJU K K, HST SS, GHSS TUVVUR, MALAPPURAM. 9895695431